# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി7/2015/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 20/10/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.റ്റി.എം. പി7/2015/2022 തീയ്യതി: 20/10/2022

## കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-09-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 13-09-2022 | 23-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 13-09-2022 | 23-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ലേഖ വി, ഓഡിറ്റ് ഓഫീസർ
യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ജ്യോതിലക്ഷ്മി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. നിമ്മിമോൾ മാനുവൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ലിജോ ജോബ് | സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ. റെനി സൈമൺ | സെക്രട്ടറി | 10-07-2021 | 22-07-2021 |
| ശ്രീ. വിനോദ് കെ | സെക്രട്ടറി | 23-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ഗ്രീഷ്മ ജി | അസിസ്റ്റൻറ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ. കുര്യാക്കോസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.ദിവ്യാ ജോർജ്ജ് റ്റി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2021 | 31-03-2022 |
| ഡോ. അഞ്ജലി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ലക്ഷ്മി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീ. രാജീവ് സി | ഹെഡ് മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ.ലിബീഷ് മാത്യൂ | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിനി ഫിലിപ്പ് | കൃഷി ഓഫീസർ | 01-04-2021 | 05-12-2021 |
| ശ്രീ. പ്രവീൺ കെ | കൃഷി ഓഫീസർ | 06-12-2021 | 31-03-2022 |
| ശ്രീ. അനീഷ് ലത്തീഫ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2021 | 01-08-2021 |
| ശ്രീ. സിയാദ് വി എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 02-08-2021 | 05-10-2021 |
| ശ്രീമതി. അമല മാത്യൂ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 06-10-2021 | 31-03-2022 |
| ശ്രീമതി. രാജി കെ ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 26-08-2021 |
| ശ്രീ. സുദീപ് റ്റി ജെ | വില്ലേജ് എക്സ്റ്റൻഷൻ | 27-08-2021 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ 2 | | |
| ശ്രീമതി. ശ്രീകല | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 05-07-2021 |
| ശ്രീമതി. മെറീന തോമസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 06-07-2021 | 01-01-2022 |
| ശ്രീമതി. ഷെറിൻസ് ജോർജ് | ഐ സി ഡി എസ് സൂപ്പർവൈസർ | 02-01-2022 | 31-03-2022 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Yogesh R (Senior Grade Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Yogesh R (Senior Grade Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Lekha V (Audit Officer, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Jyothilekshmy.R (Senior Grade Auditor, On 22-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷാ പദ്ധതികൾ<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 13-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Lekha V (Audit Officer, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-10 |
| 11 | വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി<br>Written By: Krishnapriya.S (Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-11 |
| 12 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-12 |
| 13 | പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു<br>Written By: Krishnapriya.S (Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-13 |
| 14 | തെറ്റായ ഉപയോഗക്രമത്തിൽ സഞ്ചയയിൽ വസ്തു നികുതി നിർണയിച്ചിരിക്കുന്നു<br>Written By: Krishnapriya.S (Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-14 |
| 15 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 22-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 1-15 |
| 16 | തെരുവ് വിളക്ക് പരിപാലനം | 1-16 |

| | | |
|---|---|---|
| | Written By: Yogesh R (Senior Grade Auditor, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | |
| 17 | സ്കൂളുകൾക്ക് നാപ്കിൻ ഡിസ്പോയർ മെഷീൻ നൽകൽ- മെഷീനുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല<br>Written By: Yogesh R (Senior Grade Auditor, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-17 |
| 18 | ക്ഷീരകർഷകന് പാലിന് സബ്സിഡി മതിയായ തുക വകയിരുത്തുന്നില്ല<br>Written By: Lekha V (Audit Officer, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-18 |
| 19 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.<br>Written By: Jyothilekshmy.R (Senior Grade Auditor, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-19 |
| 20 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടിലൽ<br>Written By: Krishnapriya.S (Auditor, On 22-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-20 |
| 21 | തോടനാൽ കൃഷി സബ്സെന്റർ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു<br>Written By: Lekha V (Audit Officer, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-21 |
| 22 | മേവിട കമ്മ്യൂണിറ്റി ഹാൾ കെട്ടിട നിർമ്മാണം-നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Lekha V (Audit Officer, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-22 |
| 23 | ഹരിത കർമ സേന പ്രവർത്തനം - അവലോകനം<br>Written By: Jyothilekshmy.R (Senior Grade Auditor, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-23 |
| 24 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം<br>Written By: Yogesh R (Senior Grade Auditor, On 23-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 18-10-2022) | 1-24 |
| 25 | ലൈഫ് ഭവന പദ്ധതി<br>Written By: Jyothilekshmy.R (Senior Grade Auditor, On 24-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 13-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Krishnapriya.S (Auditor, On 13-09-2022)<br>Last Updated By: Lekha V (Audit Officer, On 24-09-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Krishnapriya.S (Auditor, On 17-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Krishnapriya.S (Auditor, On 13-09-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-10-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 15.02.2021 തീയതിയിലെ V/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 28.02.2022 തീയതിയിലെ II/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 3373660.00 | 12310966.90 |
| വരവ് | 118179375.00 | 55549938.00 |
| ആകെ | 121553035.00 | 67860904.90 |
| ചെലവ് | 117780005.00 | 58667471.00 |
| നീക്കിയിരിപ്പ് | 3773030.00 | 9193433.90 |

ബജറ്റ് ഫയൽ കൃത്യമായി പരിപാലിക്കുന്നുണ്ട്. ബജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. ബജറ്റ് പ്രതീക്ഷിക്കപ്പെട്ടതും യഥാർത്ഥത്തിലുള്ളതുമായി അന്തരം നിലനിൽക്കുന്നു.

## 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 18.04.2022 -ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 1,23,10,966.90 രൂപയും തൻവർഷ വരവ് 55549938.00 രൂപയും തൻവർഷചെലവ് 58667471.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 9193433.90രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 104085543.00രൂപയും ആകെ ചെലവ് 106877209.00 രൂപയും ആകുന്നു. 2021-22സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) B-5 ഷെഡ്യൂളിൽ സമ്പൂർണ്ണ ഭവന പദ്ധതിയിൽ 49723/- രൂപ കോട്ടയം ജില്ലാ സഹകരണ ബാങ്കിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് . ആയതിന്റെ കൃത്യത ഉറപ്പ് വരുത്തിയിട്ടില്ല

4)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58(4) എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല( ഷെഡ്യൂൾ I-16).

5)2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോ പത്രിക വാർഷികകണക്കുകൾക്കൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

6)മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12310966.90 |
| ഓഡിറ്റ് വർഷത്തെ വരവ് | 55549938.00 |
| ആകെ | 67860904.90 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 58667471.00 |
| നീക്കിയിരിപ്പ് | 9193433.90 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 642743 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ) | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8053000 | 8053000 | 8046452 | 6548 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1740,000 | 1740,000 | 1739482 | 518 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 19755156 | 19755156 | 16260296 | 34,94,860 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4870979 | 4870979 | 4718956 | 152,023 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 3238382 | 3238382 | 2166028 | 1072354 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ് | 0 | 1951626 | 1951626 | 1924127 | 27499 |
| തൊഴിലുറപ്പ് പദ്ധതി | 12145.76 | 17527498 | 17539643.76 | 17538012 | 1631.76 |
| ഐ.സി.ഡി.എസ് | 772967 | 361132 | 1134099 | 536704 | 597395 |
| ശുചിത്വമിഷൻ ഫണ്ട് | 2092005 | 130000 | 2222005 | 1531768 | 690237 |

| | | | | | |
|---|---|---|---|---|---|
| ജലനിധി | 2358266 | 1468452 | 3826718 | 2808834 | 1017884 |

1.വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി വിഹിതങ്ങളിൽനിന്ന് യഥാക്രമം 1170132രൂപ, 29334രൂപ വീതം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. ഇപ്രകാരം സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് , അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല.

2.ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ , നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
3. ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) ഇനത്തിൽ പലിശയിനത്തിൽ ബാങ്കിൽ ക്രെഡിറ്റ് ചെയ്ത 28501/- രൂപയും കൂടി ഉൾപ്പെടുത്തിയാണ് വരവ് തുക ചേർത്തിട്ടുള്ളത്. പ്രസ്തുത പലിശ വരവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രതിഫലിച്ചിട്ടില്ല

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.03.22ലെ ഉത്തരവ് നം.81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 29/01/21 |
| വർക്കിംഗ് ഗ്രൂപ്പ് യോഗം | 30/01/21 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 6/2/21 മുതൽ11/2/21വരെ |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 5/01/22 |
| വികസനസെമിനാർ | 20/2/21 |
| പ്രൊക്യൂർമെന്റ് കമ്മിറ്റി | 20/10/21,22/11/21,23/10/21 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2021-22 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 70432827/- രൂപയും ആകെ ചെലവ് 39036626/- രൂപയുമാണ്. ചെലവുശതമാനം 55.42%.

സ.ഉ (സാധാ)നം 2617/2022/ധന തീയതി 31-3-22 ഉത്തരവ് പ്രകാരം 2021-22ൽ ആറാം സംസ്ഥാന ധനകാര്യകമ്മീഷൻ ശിപാർശ പ്രകാരമുള്ള സംരക്ഷണ ഫണ്ടിലെ മുൻവർഷത്തെ ക്യാരിഓവർ തുകയുടെ പകുതി അനുവദിച്ചതിന്റെയടിസ്ഥാനത്തിൽ റോഡിതര ഫണ്ട് 17660/-രൂപയും,റോഡ് സംരക്ഷണ ഫണ്ട്14156/- രൂപയും തൻ വർഷം ലഭിച്ചു.സ.ഉ(സാധാ)നം.1276/2022/ധന തീ 24.2.22പ്രകാരം 20-21 സാമ്പത്തിക വർഷം രണ്ടാം ഗഡു റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ വാങ്ങുന്നതിനായി കുറവ് ചെയ്ത 35319/-രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നു.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പിലാക്കിയപ്രോജക്ടുകൾ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 1127968 | 1127700 | 99.97 |
| വെറ്ററിനറി സർജൻ | 6 | 6 | 1514200 | 1060048 | 70 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 2 | 2 | 864646 | 626881 | 72.5 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 455000 | 452000 | 99.3 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 12 | 11 | 20547703 | 4079145 | 19.85 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4 | 4 | 2904750 | 2814204 | 96.88 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 475000 | 475000 | 100 |
| സെക്രട്ടറി | 41 | 35 | 14324685 | 5981823 | 41.75 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 10 | 10 | 3844960 | 3644170 | 94.77 |
| അസി.എഞ്ചിനീയർ | 72 | 62 | 24033915 | 18435655 | 76.7 |
| ഹെഡ്മാസ്റ്റർ | 1 | 1 | 190000 | 190000 | 100 |
| ആകെ | 155 | 138 | 70432827 | 39036626 | 55.42 |

2021-22കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ മികച്ച നേട്ടം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. വികസനഫണ്ട് ജനറൽ,എസ്.സി.പി വിഭാഗങ്ങളിൽ99% ചെലവഴിക്കാൻ സാധിച്ചുവെന്നത് മികച്ച നേട്ടമാണ്. ധനകാര്യകമ്മീഷൻ(അൺ ടൈഡ്) വിഭാഗവും പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചു.എങ്കിലും

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഭാഗത്തിൽ 34,94,860 രൂപ ചെലവഴിക്കാൻ തൻവർഷം സാധിച്ചിട്ടില്ല.

എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. വിഇഒ1 നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 12പ്രോജക്ടുകളിൽ 11 എണ്ണവും നടപ്പിലാക്കിയെങ്കിലും ചെലവ് ശതമാനം 19.85 മാത്രമാണ്. ലൈഫ് ഭവനപദ്ധതിയ്ക്കായി സംസ്ഥാനാവിഷ്കൃത ഫണ്ട്,ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് വിഹിതങ്ങൾ വകയിരുത്തിയ തുക വളരെ വലിയ തുകയായിരുന്നതിനാൽ വി.ഇ.ഒ യുടെ ചെലവ് ശതമാനം വളരെ കുറഞ്ഞ് നിൽക്കുന്ന സാഹചര്യമാണ്. സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ചെലവ് ശതമാനം 41.75ആണ്.

വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ നിർവഹണ ഘട്ടത്തിൽ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് പദ്ധതി മാർഗരേഖാ നിർദ്ദേശങ്ങൾ പ്രാവർത്തികമാകുന്നില്ല.ഭരണസമിതി,സ്റ്റാന്റിംഗ് കമ്മിറ്റികൾ ,വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതി ഫലപ്രാപ്തിയിൽ എത്തിയ്ക്കാൻ സാധിക്കുകയുള്ളൂ.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 101

പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 404 പ്രവൃത്തികളാണ് വിഭാവനം ചെയ്തത് 99പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 86 പ്രവൃത്തികൾ പൂർത്തീകരി ച്ചിട്ടുണ്ട്. 37615 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പഞ്ചായത്തിൽ ആകെയുള്ള 90 അയൽക്കൂട്ടങ്ങളും പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 634 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി, മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, കോഴിക്കൂട് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 12145.76 |
| വരവ് | ഇ.എഫ്.എം.എസ് വരവ് | 17254639.00 | |
| | ക്യാഷ് വരവ് | 272859.00 | |
| | ആകെ വരവ് | | 17527498.00 |
| ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | | | 17539643.76 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 11093189.00 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 1826450.00 | |
| | സാധന വില | 4335000.00 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 283373.00 | |
| ആകെ ചെലവ് | | | 17538012.00 |
| നീക്കിയിരിപ്പ് | | | 1631.76 |

## 1-7 സാമൂഹ്യസുരക്ഷാ പദ്ധതികൾ

2021-22 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 7680 | 3 |
| കർഷകതൊഴിലാളി പെൻഷൻ | 1861300 | 97 |
| വിധവാപെൻഷൻ | 6382100 | 332 |
| വാർദ്ധക്യകാല പെൻഷൻ | 19717600 | 1027 |
| വികലാംഗ പെൻഷൻ | 2221500 | 116 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 416700 | 28 |
| വിധവകളുടെ | 150000 | 5 |

| | | |
|---|---|---|
| പെണ്മക്കൾക്കുള്ള വിവാഹ ധനസഹായം | | |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.09.2022 തീയതിയിൽ 3.15 പി എം-ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2533/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ നികുതിവരവുകളുടെ ഡിസിബി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2021 | 03/2021 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.02.2018 മുതൽ 16.02.2018 വരെ | 2016-17 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/ 8എ-2770/36 തീയതി 06.04.2018 |

## 1-11 വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിന് വസ്തു നികുതി ഒഴിവാക്കി

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 207 ഉപവകുപ്പ് 1 (ഇ) പ്രകാരം നികുതി/ഉപനികുതി ഒഴിവാക്കപ്പെട്ടതും പ്രസിഡന്റ്, മേവട സുബാഷ് ഗ്രന്ഥശാലയുടെ പേരിലുള്ളതുമായ 5/284-ാം നമ്പർ കെട്ടിടം വാണിജ്യാവശ്യത്തിന് നൽകിയിട്ടുള്ളതായി ലൈസൻസ് രേഖകളിൽ കാണുന്നു. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/20.09.2022) മനപൂർവ്വമല്ലാത്ത വീഴ്ചയാണെന്നും മേൽ കെട്ടിടത്തിന് നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്ക് 207-ാം വകുപ്പ് പ്രകാരമുള്ള നികുതി ഒഴിവ് നിയമാനുസൃതമല്ലാത്തതിനാൽ പ്രസ്തുത കെട്ടിടം നികുതി പരിധിയിൽ ഉൾപ്പെടുത്തി കുടിശ്ശിക സഹിതം നികുതി ഈടാക്കേണ്ടതാണ്.

## 1-12 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നു

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | വാർഡ് / വാതിൽ നമ്പർ | ഉടമസ്ഥന്റെ പേര് | വർഷം | വസ്തു നികുതി ഇനത്തിലെ കുടിശ്ശിക |
|---|---|---|---|---|
| 1 | III/279/M1 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി. എസ്. എൻ. എൽ. | 2020-21മുതൽ 2021-22 വരെ | 14394 |
| 2 | IX/37/M4 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി. എസ്. എൻ. എൽ. | 2021-22 | 7623 |
| 3 | XI/313/M6 | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 2011-12മുതൽ 2021-22 വരെ | 400193 |
| 4 | XII/25/M5 | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി. എസ്. എൻ. എൽ. | 2020-21മുതൽ 2021-22 വരെ | 19125 |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (05/19.09.2022) നികുതി കുടിശ്ശികകൾ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കുടിശ്ശിക സഹിതം നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം കെട്ടിടം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 4 എന്നിവ പ്രകാരം ഒരു കെട്ടിടത്തിന്റെ ഉപയോഗക്രമമനുസരിച്ച് വസ്തു നികുതി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നു. കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെപ്പറയുന്ന കെട്ടിടം പാർപ്പിടാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച ശേഷം വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | നിലവിലെ ഉപയോഗക്രമം |
|---|---|---|---|
| 1 | I/323 | രാജു എം എൻ | പലചരക്ക്, പച്ചക്കറി വ്യാപാരം |

ഇപ്രകാരം പാർപ്പിടാവശ്യത്തിനായി കുറഞ്ഞ നിരക്കിൽ (ച.മീറ്ററിന് 5 രൂപ നിരക്ക്) നികുതി നിർണ്ണയിച്ചശേഷം വാണിജ്യാവശ്യത്തിനായി (ച.മീറ്ററിന് 30 രൂപ നിരക്ക്) ഉപയോഗിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (08/20.09.2022) മേൽ കെട്ടിടം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് പുതുക്കിയ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 തെറ്റായ ഉപയോഗക്രമത്തിൽ സഞ്ചയയിൽ വസ്തു നികുതി നിർണയിച്ചിരിക്കുന്നു

2021-22 ലെ വസ്തുനികുതി നിർണയം പരിശോധിച്ചതിൽ തോമസ് കുട്ടി എം മാത്യു, മോനിപ്പള്ളിൽ എന്ന വ്യക്തിയുടെ പേരിലുള്ള 27 ച.മീറ്റർ വിസ്തീർണ്ണമുള്ള V/3 എന്ന കെട്ടിടത്തെ

വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഉപയോഗക്രമത്തിലുൾപ്പെടുത്തി ഇഷ്ടികചൂളയെന്ന് രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തിന്റെ ലൈസൻസ് രേഖകൾ പരിശോധിച്ചതിൽ ഇത് ഹോളോബ്രിക്സ് യൂണിറ്റാണെന്നു കാണുന്നു. നിലവിൽ ഇതരവ്യവസായം എന്ന ഉപയോഗക്രമത്തിൽ വരുന്ന കെട്ടിടത്തിന് (ച.മീറ്ററിന് 40 രൂപ നിരക്ക്) വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (ച.മീറ്ററിന് 15 രൂപ നിരക്ക്) എന്ന ഉപയോഗക്രമത്തിൽ നികുതി നിർണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/20.09.2022) മേൽ കെട്ടിടം മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്ട് 2006 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കെട്ടിടമാണെന്നും സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി നടത്തിയപ്പോൾ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിന്റെ അടിസ്ഥാന രേഖ സഞ്ചയ സോഫ്റ്റ് വെയറിലാണെന്നിരിക്കെ ഇത്തരം അപാകതകൾ ഉണ്ടാകുന്നത് അഭിലഷണീയമല്ല. ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രിയിൽ കൃത്യത പാലിക്കേണ്ടതും അപാകതകൾ തിരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2021-22 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഫാത്തിമ മിഷൻ ഹോസ്പിറ്റലിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (04/19.09.2022) നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 തെരുവ് വിളക്ക് പരിപാലനം

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ തെരുവുവിളക്കുകളുടെ പരിപാലനം/സ്ഥാപിക്കൽ എന്നീ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് നം./പേര് | ചെലവഴിച്ച തുക |
|---|---|
| 08/22, തെരുവ് വിളക്ക് സ്ഥാപിക്കൽ | 130344 |
| 101/22, തെരുവ് വിളക്ക് അറ്റകുറ്റപ്പണി | 300000 |
| 195/22, തെരുവ് വിളക്ക് അറ്റകുറ്റപ്പണി-അധിക തുക നൽകൽ | 39625 |

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തെരുവുവിളക്കുകളെ സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്ററും അറ്റകുറ്റപ്പണികളുടെ വിവരങ്ങൾ ചേർത്ത മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികളുടെ കൃത്യതയും സുതാര്യതയും ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഓരോ വാർഡിലും കേടായ വിളക്കുകളുള്ള പോസ്റ്റുകൾ ഏതെല്ലാമാണെന്നും തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം, പോസ്റ്റ് നമ്പർ, വിളക്കുകളുടെ എണ്ണം, സ്ഥാപിക്കുന്നതിനാവശ്യമായ അനുബന്ധ സാമഗ്രികൾ എന്നിവ സംബന്ധിച്ച് കെ.എസ്.ഇ.ബി-യുടെ സഹകരണത്തോടെ സംയുക്തപരിശോധന നടത്തി എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ

അടിസ്ഥാനത്തിലല്ല പ്രോജക്ടുകൾ തയ്യാറാക്കുന്നത്.വാർഡ് മെംബർമാർ നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മെയിന്റനൻസിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്.

മേൽ അപാകതകൾ മൂലം കേടാകുന്ന വിളക്കുകളുടെ വിവരവും ഓരോ വാർഷികപദ്ധതികളിലും മെയിന്റനൻസ് നടത്തി പ്രവർത്തനക്ഷമമാക്കുന്ന വിളക്കുകൾ ഏതെല്ലാമാണെന്നും വ്യക്തമല്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/20.09.22) ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ നിലവിൽ തയ്യാറാക്കിയിട്ടുണ്ടെന്നും ഇനി മുതൽ ടി രജിസ്റ്ററിന്റെ അടിസ്ഥാനത്തിൽ പരാതി രേഖപ്പെടുത്തി തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യകത നിർണ്ണയിച്ച് മാത്രം തുടർ വർഷങ്ങളിൽ പ്രോജക്ട് തയ്യാറാക്കുകയും ചെയ്യേണ്ടതാണ്.

## 1-17 സ്കൂളുകൾക്ക് നാപ്കിൻ ഡിസ്ട്രോയർ മെഷീൻ നൽകൽ- മെഷീനുകൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട്നം. | 115/22 |
| ചെലവ് | 64876 |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ബിൽ നം. | 137/31.01.2022 |
| നിർവ്വഹണോദ്യാഗസ്ഥൻ | സെക്രട്ടറി |

എൻ.എസ്.എസ് ഹൈസ്കൂൾ കെഴുവംകുളം, സെന്റ് നെപ്യുംഷൻസ് ഹയർ സെക്കന്ററി സ്കൂൾ കൊഴുവനാൽ എന്നീ സ്കൂളുകൾക്ക് നാപ്കിൻ ഡിസ്ട്രോയർ മെഷീൻ വാങ്ങി നൽകുകയെന്നുള്ളതായിരുന്നു പ്രസ്തുത പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. 05.11.2021 ൽ മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതായി യോംഗ് എന്റർപ്രൈസസ്, മലപ്പുറം എന്ന സ്ഥാപനം ഇൻസ്റ്റാലേഷൻ സർട്ടിഫിക്കറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ മേൽ ബിൽ പ്രകാരം സ്ഥാപനത്തിന് 64876 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 20.09.2022 ൽ പ്രസ്തുത സ്കൂളുകളിൽ നടത്തിയ പ്രദേശിക പരിശോധനയിൽ സ്കൂളുകളിൽ നാപ്കിൻ ഡിസ്ട്രോയർ മെഷീൻ സ്ഥാപിച്ചിട്ടുള്ളതായി കണ്ടുവെങ്കിലും ആയവ പ്രവർത്തിപ്പിക്കുന്നില്ല എന്ന് ബോദ്ധ്യപ്പെട്ടു. മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ വൈദ്യുതി കണക്ഷനുള്ള പ്രവൃത്തികൾ രണ്ട് സ്കൂളുകളിലും നാളിതുവരെ ചെയ്തിട്ടില്ല. ആയതിനാൽ മെഷീൻ സ്കൂൾ കുട്ടികൾക്ക് പ്രയോജനപ്പെടാത്ത അവസ്ഥയാണ് നിലവിലുള്ളത്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/20.09.22) മെഷീൻ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണെന്ന് സ്കൂൾ അധികൃതർ വാക്കാൽ അറിയിച്ചിട്ടുള്ളതാണെന്നും മെഷീൻ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുവാൻ സ്കൂളുകൾക്ക് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.അപാകത നിലനിൽക്കുന്നതിനാൽ 64876 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മെഷീനുകൾ പ്രവർത്തനക്ഷമമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതും ഭാവിയിൽ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ അവ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ പൂർണ്ണമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-18 ക്ഷീരകർഷകന് പാലിന് സബ്സിഡി മതിയായ തുക വകയിരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ കെഴുംവംകുളം ,മേവിടക്ഷീര സംഘങ്ങൾ വഴിയും,അകലകുന്നം ഗ്രാമപഞ്ചായത്തിലെ കാഞ്ഞിരമറ്റം സംഘം,മുത്തോലി ഗ്രാമ പഞ്ചായത്തിലെ മുത്തോലി ക്ഷീരോൽപാദക സംഘം,മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ വിളക്കുമരുത് പച്ചാംതോട് ക്ഷീരോൽപാദക

സംഘം എന്നീ 5സംഘങ്ങൾ വഴിയുമാണ് കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ83 ക്ഷീരകർഷകരുടെ പാൽ സംഭരിക്കുന്നത്. 2021-22വർഷം ക്ഷീരകർഷകർക്ക് പാലളവിന്റെ അടിസ്ഥാനത്തിൽ ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ ഏപ്രിൽ മുതൽ ആഗസ്റ്റ് വരെ 5 മാസകാലയളവിലേയ്ക്ക് മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് വിഹിതം 200,000 രൂപയും, ബ്ലോക്ക്പഞ്ചായത്ത് വിഹിതം 75,000 രൂപയും,ജില്ലാപഞ്ചായത്ത് വിഹിതം 200,000രൂപയുമുൾപ്പടെ തൻവർഷം ആകെ 475,000 രൂപയാണ് ക്ഷീരകർഷകർക്ക് സബ്സിഡിയിനത്തിൽ നൽകാൻ വകയിരുത്തി ചെലവഴിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ് )നം.22/18 ത.സ്വ.ഭ.വ തീ 14.2.2018 ഉത്തരവ് പ്രകാരം ക്ഷീരകർഷകർ ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക ക്ഷീരകർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം. (ക്ഷീര വികസന വകുപ്പ് നൽകുന്ന 1 രൂപ ഉൾപ്പടെ). ഒരുകർഷകന് സബ്സിഡിയിനത്തിൽപരമാവധി നൽകാവുന്ന തുക 40,000/-രൂപയാണ്. മൃഗസംരക്ഷണ മേഖലയിൽ ധാരാളം ആളുകൾ കന്നുകുട്ടി വളർത്തൽ ഉപജീവനമാർഗ്ഗമായി സ്വീകരിച്ച് ആയതിനുള്ള വരുമാനം കൊണ്ട് മാത്രമാണ് ജീവിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ ക്ഷീര കർഷകന് പരമാവധി മാസങ്ങളിൽ സബ്സിഡി ലഭിക്കത്തക്ക വിധത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 35/21-22, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 1,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 1/21-22, 14.07.2021 |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് 150000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം. എൽ എഫ് 80/22-23 തീയതി 30.05.2022 പ്രകാരം 83,295/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 66,705/- രൂപയുടെ മരുന്നുകൾ ലഭ്യമാകുന്നതുവരെ 66,705/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പ്രോജക്ട് നം. 31/21-22

അടങ്കൽ- 800000/- രൂപ (400000/- രൂപ - വികസന ഫണ്ട് (ജനറൽ) + 400000/- രൂപ - ഗുണഭോക്തൃ വിഹിതം )

ചെലവ്- 400000/- രൂപ ( വികസന ഫണ്ട് (ജനറൽ), ബിൽ നം. 6/21-22/17.01.2022)
നിർവ്വഹണോദ്യോഗസ്ഥൻ - വെറ്റിനറി സർജൻ

കൊഴുവനാൽ ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ മേൽ പ്രോജക്ട് നടപ്പാക്കുന്നതിനായി 400000/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ 400000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 തോടനാൽ കൃഷി സബ്സെന്റർ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുന്നു

പ്രോജക്ട് നം.43/22

മെയിന്റനൻസ് ഫണ്ട്(റോഡിതരം)-115000

ചെലവഴിച്ച തുക -111162രൂപ(ബിൽ നം.72/22തീ 30.03.22)

ഗ്രാമപഞ്ചായത്തിന്റെ 15.6.21ലെ 1(2)-ാം നമ്പർ തീരുമാനത്തിൽ വാർഡ് 8ൽ സ്ഥിതിചെയ്യുന്ന കൃഷി ഭവൻ സബ്സെന്റർ കെട്ടിടം കാലങ്ങളായി പ്രവർത്തനരഹിതമായി നിലകൊള്ളുകയാണെന്നും ,പ്രവർത്തനക്ഷമമാക്കിയാൽ തോടനാലിലും പരിസരപ്രദേശങ്ങളിലുമുള്ള 6വാർഡുകളിലെ കൃഷിക്കാർക്ക് മെച്ചപ്പെട്ട കാർഷിക സേവനങ്ങൾ ലഭ്യമാകുമെന്നും,കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയെങ്കിൽ മാത്രമേ ടി കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ സാധിക്കുവെന്നും കമ്മിറ്റി വിലയിരുത്തിയിരുന്നു.2021-22വർഷം കൃഷി സബ്സെന്റർ മെയിന്റനൻസിനായി (പരിസരം വൃത്തിയാക്കൽ,ജനൽ,വാതിൽ പുതുക്കി പിടിപ്പിക്കൽ,പെയിന്റിംഗ്) 111162രൂപ ചെലവഴിച്ചിട്ടുണ്ട്.നിലവിൽ ടി കെട്ടിടത്തിന്റെ പരിസരം കാടുകയറി ഉപയോഗശൂന്യമായ അവസ്ഥയിലാണെന്ന് 20/9/22ൽ നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി.നിലവിൽ ടി കെട്ടിടത്തിലെ ഇലക്ട്രിക് കണക്ഷനുകൾ കേടുപാടുകൾ വന്നനിലയിലാണ്. ടി കെട്ടിടത്തിലെ ഇലക്ട്രിക് കണക്ഷനുകൾ റീ വയറിംഗ് ചെയ്ത് പുനസ്ഥാപിച്ച് കൃഷി സബ്സെന്റർ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്. നിലവിൽ സബ്സെന്റർ പ്രവർത്തനക്ഷമമാക്കാത്തതിനാൽ തൻവർഷം ചെലവഴിച്ച 111162/- രൂപ തടസ്സപ്പെടുത്തുന്നു

## 1-22 മേവിട കമ്മ്യൂണിറ്റി ഹാൾ കെട്ടിട നിർമ്മാണം-നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം.S0099/22

അടങ്കൽ -300,000മെയിന്റനൻസ് ഫണ്ട്(റോഡിതരം)

ചെലവ്-262436രൂപ(ബിൽ നം.70/31.3.22)

കോൺട്രാക്ടർ-ദിൽക്കുഷ് വി.റ്റി

2017-18 ൽ ആരംഭിച്ച കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണം പൂർത്തീകരണത്തിന്റെ ഭാഗമായി 2021-22 ൽ ഗ്രൗണ്ട് ക്ലിയർ ചെയ്ത് കെട്ടിടത്തിലേക്കുള്ള പ്രവേശനം സുഗമമാക്കൽ, ഗ്രൗണ്ട് ഫ്ലോർ കോൺ ക്രീറ്റിംഗ്, സീലിംഗ് പ്ലാസ്റ്ററിംഗ്, സ്റ്റീൽ ഗ്രിൽ വർക്ക് , ടൈൽ വർക്ക് എന്നീയിനങ്ങൾക്കായിട്ടാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. നാളിതുവരെ 4880381 രൂപ ചെലവഴിച്ചിട്ടുണ്ട്. കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ ഏതെല്ലാം പ്രവൃത്തികൾ കൂടി നടത്താനുണ്ടെന്നുള്ള വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/22.09.21) മറുപടിയായി ടി കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ സെക്കൻഡ് ഫ്ലോർ പൂർത്തീകരണത്തിന് പ്ലാസ്റ്ററിങ്, ജനലുകൾ, വാതിലുകൾ പിടിപ്പിക്കൽ, ഫ്ലോറിംങ്, സ്റ്റെയർകേസിന്റെ കൈവരി, പ്ലംബിംഗ്, സാനിറ്ററി കണക്ഷൻസ് എന്നീ പ്രവർത്തികൾ പൂർത്തിയാക്കേണ്ടതുണ്ടെന്നും, കൂടാതെ ഗ്രൗണ്ട് ഫ്ലോർ ഉപയോഗയോഗ്യമാക്കുന്നതിനു വൈദ്യുതീകരണവും വൈദ്യുത കണക്ഷനും ആവശ്യമാണെന്നും അറിയിച്ചിട്ടുണ്ട്. നിലവിൽ ടി ഭാഗം ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ സിവിൽ വർക്കുകൾ പൂർത്തീകരിച്ചിട്ടുള്ളതാണ്. ഗ്രൗണ്ട്

ഫ്ലോറിന്റെ വൈദ്യുതീകരണം പൂർത്തീകരിച്ച് ടി മുറികൾ ലേലം ചെയ്ത് നൽകി ഗ്രാമപഞ്ചായത്തിന് വരുമാനദായകമാകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ഹരിത കർമ്മ സേന പ്രവർത്തനം - അവലോകനം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് ഹരിതകേരള മിഷൻ, കുടുംബശ്രീ, ക്ലീൻ കേരള എന്നിവ സംയോജിച്ച് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമാണ് ഹരിതകർമസേന. മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് ഹരിത കർമസേന രൂപീകരിക്കപ്പെട്ടിട്ടുള്ളത്. 15.07.2017 ലെ 2420/2017ത സ്വ ഭ വ ഉത്തരവിലെ മാർഗ്ഗരേഖ പ്രകാരം മാലിന്യ നിർമാർജ്ജനത്തോടൊപ്പം സംരംഭകത്വശേഷി വികസനവും പ്രാപ്തമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഹരിതകർമസേന വിഭാവനം ചെയ്തിരിക്കുന്നത്. കൂടാതെ ടി മാർഗ്ഗരേഖ പ്രകാരം ഹരിത കർമ്മ സേനയ്ക്ക് വാർഡുകളിൽ നിന്നും മാലിന്യ ശേഖരണത്തിനായി യൂസർ ഫീസ്, അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെയുള്ള വരുമാനം, ആഘോഷങ്ങളും ഉത്സവങ്ങളും മറ്റ് പരിപാടികളും ഗ്രീൻ പ്രോട്ടോക്കോൾ പ്രകാരം ഏറ്റെടുത്ത് നടപ്പാക്കുന്നതിലൂടെയുള്ള വരുമാനം, ഹരിത ഉപകരണങ്ങളുടെ വിൽപ്പനയും സർവ്വീസും, പൊതു മാലിന്യ സംവിധാനങ്ങളുടെ നടത്തിപ്പ്, കാർഷിക സേനയായി പ്രവർത്തിക്കുന്നതിൽ നിന്നുള്ള വരുമാനം എന്നിങ്ങനെ വിവിധങ്ങളായ വരുമാന സ്രോതസ്സുകൾ വിഭാവനം ചെയ്തിട്ടുണ്ട്.

കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ 25.01.21 മുതൽ പ്രവർത്തനം ആരംഭിച്ച ഹരിതകർമ്മസേനയ്ക്ക് നിലവിൽ 13 അംഗങ്ങളാണുള്ളത്. വീടുകളിൽ നിന്നും 50 രൂപ വീതവും സ്ഥാപനങ്ങളിൽ നിന്നും 100 രൂപ വീതവുമാണ് യൂസർ ഫീ ഈടാക്കുന്നത്. നിലവിൽ പിരിച്ചെടുക്കുന്ന തുകയിൽ 10% കോർപ്പസ് ഫണ്ട് ആയി കോൺസോർഷ്യം അക്കൗണ്ടിൽ നിക്ഷേപിക്കുന്നുണ്ട്. ബാക്കി തുക ഹരിതകർമസേന അംഗങ്ങൾക്ക് വീതിച്ച നൽകുകയാണ് ചെയ്യുന്നത്. ഹരിതകർമ്മസേന സ്റ്റോക്ക് രജിസ്റ്ററുകളും മിനുട്സ് ബുക്കും പരിശോധിച്ചതിൽ കണ്ടെത്തിയ ചില അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഹരിത കർമ്മസേന അംഗങ്ങളുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി അറ്റൻഡൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഓരോ ഹരിതകർമ്മസേന അംഗത്തിന്റെയും പ്രവർത്തന വിവരങ്ങൾ, ശേഖരിച്ച മാലിന്യത്തിന്റെ അളവ് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

2)യൂസർ ഫീ പിരിക്കുന്നതിലെ കൃത്യത പരിശോധിക്കാൻ സാധിക്കുന്നില്ല.

A)) ഓരോ രസീത് ബുക്കിലെയും കളക്ഷൻ തുക പ്രത്യേകം രേഖപ്പെടുത്തുന്നില്ല. ഉപയോഗിച്ച് തീർന്ന രസീത് ബുക്കുകളിലെ കളക്ഷൻ തുക പൂർണ്ണമായി രേഖപ്പെടുത്താത്തതിനാൽ തുക പൂർണ്ണമായും അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. വാർഡ് നം.5 ലേക്ക് നൽകിയ രസീത് ബുക്ക് നം.10 ( രസീത് നം.901 -1000 ) ന്റെ രസീത് നം 962 വരെയുള്ള കളക്ഷൻ തുക മാത്രമേ ഒടുക്കിയതായി കാണുന്നുള്ളൂ. രസീത് നം.962 മുതൽ 1000 വരെയുള്ള പിരിവ് തുക സംബന്ധിച്ച് വ്യക്തതയില്ല. രസീത് ബുക്ക് നം.10 തിരികെ ലഭ്യമാക്കിയതായും രേഖപ്പെടുത്തിയിട്ടില്ല. പിന്നീട് 84 -ാം നമ്പർ രസീത് ബുക്ക് പ്രകാരമാണ് 5-ാം വാർഡിലെ കളക്ഷൻ എടുത്തിരിക്കുന്നത്.

B) രസീതു ബുക്കുകളിൽ ഉപയോഗിക്കാതെയും ക്യാൻസൽ ചെയ്യാതെയും രസീതുകൾ അവശേഷിക്കുന്നു.

രസീത് ബുക്ക് നം.7 – രസീത് നം.700

രസീത് ബുക്ക് നം.21 – രസീത് നം.2094

രസീത് ബുക്ക് നം. 25 – രസീത് നം.2465

രസീത് ബുക്ക് നം.62 – രസീത് നം.6200

കൂടാതെ രസീത് ബുക്ക് നം 25 ലെ രസീത് നം.2500ന്റെ കൗണ്ടർഫോയിലിൽ രേഖപ്പെടുത്തലുകളില്ല. കളക്ഷൻ രജിസ്റ്ററിൽ 2401 മുതൽ 2499 വരെയുള്ള തുക മാത്രമേ രേഖപ്പെടുത്തി അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളൂ. രസീത് ബുക്ക് നം.26 പ്രകാരമുള്ള തുക ഒടുക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

C) എല്ലാ മാസങ്ങളിലും എല്ലാ വാർഡുകളിൽ നിന്നും അജൈവ മാലിന്യം ശേഖരിക്കുന്നില്ല.

പ്രത്യേകം ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. കളക്ഷൻ രജിസ്റ്ററിൽതന്നെയാണ് തുകയുടെ

വിനിയോഗവും രേഖപ്പെടുത്തുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.10/20.09.22) ഹരിതകർമസേന പ്രവർത്തനങ്ങൾ പ്രാരംഭ ദശയിൽ ആയതിനാലും പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതിനാലും സേനാംഗങ്ങൾക്ക് രസീത് ഉപയോഗിക്കുന്നതിലുള്ള പരിചയകുറവിനാലും ഉണ്ടായ അപാകതകളാണെന്നും അംഗങ്ങൾക്ക് കൂടുതൽ പരിശീലനം നൽകുന്നതിനു നടപടികൾ സ്വീകരിക്കുന്നതാണെന്നും ഹരിതകർമസേന മേൽനോട്ടച്ചുമതലയുള്ള വി ഇ ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കളക്ഷൻ രജിസ്റ്ററുകളിൽ ഓരോ ദിവസവും ഉപയോഗിച്ച രസീത് ബുക്കുകളുടെ നമ്പരും ഉപയോഗിച്ച വ്യക്തിയുടെ പേരും കളക്ഷൻ തുകയും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉപയോഗിച്ച രസീതു ബുക്കുകൾ തിരികെ വാങ്ങുകയും എല്ലാ രസീതുകളും ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉപയോഗിക്കാത്ത രസീതുകൾ ഉപയോഗിക്കുകയോ ഉപയോഗിക്കാൻ സാധ്യമാകാത്തവ ക്യാൻസൽ ചെയ്ത് കൗണ്ടർ ഫോയിൽ ഉൾപ്പെടെ സൂക്ഷിക്കേണ്ടതുമാണ്.

കൂടാതെ സേനയുടെ ശുചിത്വപ്രവർത്തനങ്ങളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ ചർച്ച ചെയ്യുകയും അഭിപ്രായങ്ങൾ സ്വരൂപിക്കുകയും മാലിന്യ സംസ്കരണ പദ്ധതിയിൽ പങ്കാളികളാകുന്നതിന്റെ ആവശ്യകതയെപ്പറ്റി ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുക, ഹരിത കർമ്മസേന, ഹരിത കൺസോർഷ്യം എന്നിവയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി യഥാസമയം മോണിട്ടർ ചെയ്യുക, ഹരിത സംരംഭകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി അവരുടെ പ്രവർത്തനങ്ങളിൽ നിന്നുമുള്ള വരുമാനം കൂടി ലഭ്യമാക്കാൻ സംരംഭകരെ പ്രാപ്തമാക്കുക എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. അപാകതകൾ പരിഹരിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനനുസൃതമായി പദ്ധതി ലക്ഷ്യം കൈവരിക്കാൻ ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- അവലോകനം

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്തിലെ ഫാത്തിമ മാതാ ഹോസ്പിറ്റൽ കെട്ടിടത്തിൽ 11.05.21മുതൽ 23.09.21 വരെ ഡി സി സി പ്രവർത്തിച്ചിരുന്നു. ഡി.സി.സി യുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 100000 രൂപ ജില്ലാകളക്ടറുടെ 12.05.2021 തീയതിയിലെ DM 1-6182/2020 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു . ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, സാമൂഹിക അടുക്കള, വിവിധ അനൗൺസ്മെന്റുകൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിയതായി കാണുന്നു. ആയതിന് തനത് ഫണ്ടിൽ നിന്നും ചെവഴിച്ച തുക 202366 രൂപ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 2021-22 വർഷം തന്നെ തിരികെ ലഭിച്ചിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംഭാവന ഇനത്തിൽ 2021-22 വർഷം 229649 രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ ഡി.സി.സി നടത്തിപ്പിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 109/22 നമ്പർ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 79424 രൂപയും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായി പങ്കെടുത്തതായി വിലയിരുത്തുന്നു .

## 1-25 ലൈഫ് ഭവന പദ്ധതി

ലൈഫ് ഭവന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 11 ഗുണഭോക്താക്കളാണ് പഞ്ചായത്തിൽ കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്. സി വിഭാഗത്തിലുമായി 2 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. ജനറൽ വിഭാഗത്തിൽ 1,36,00000 രൂപ വകയിരുത്തിയിരുന്നെങ്കിലും 22,40,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. എസ്.സി വിഭാഗത്തിൽ 59,50,000 രൂപ വകയിരുത്തിയിരുന്നെങ്കിലും 9,55,000 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഗുണഭോക്താക്കളിൽ ഒരാൾ ഭവന നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമാണം നടന്നുകൊണ്ടിരിക്കുന്നു.

ഭവന നിർമ്മാണം പൂർത്തീകരിക്കാനുള്ളവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും | പ്രോജക്റ്റ് നമ്പരും പേരും |
|---|---|---|
| 1 | രാജിമോൾ<br>ചരളയിൽ<br>കെഴുവംകുളം | 20/ 2021-22<br>ലൈഫ് മിഷൻ പദ്ധതി (ജനറൽ) ഘട്ടം രണ്ടും മൂന്നും |
| 2 | സൂര്യമോൾ<br>വടക്കേപാറയിൽ<br>കെഴുവംകുളം | |
| 3 | കനകമ്മ<br>കുന്നംപുറത്ത്<br>തോടനാൽ | |
| 4 | മനേഷ് ജോസ് & ശ്രീജമോൾ<br>പാടിയ്ക്കൽ<br>തോടനാൽ | |
| 5 | മോളി അജി<br>ഒറ്റപ്ലാക്കൽ<br>തോടനാൽ | |
| 6 | മറിയം ചാക്കോ<br>പുളിക്കക്കുന്നേൽ<br>തെക്കും മുറി | |
| 7 | പ്രസന്നകുമാരി & സജികുമാർ<br>കോയിപ്പുറത്ത് | |
| 8 | മഞ്ജു ഷാജൻ & ഷാജൻ വർഗ്ഗീസ്<br>പുളിക്കക്കുന്നേൽ<br>പൂവരണി | |
| 9 | ജയകൃഷ്ണൻ എ.ജി & ശാരി ശിവൻ<br>എഴുമായിൽ<br>തോടനാൽ | |
| 10 | രാജൻ എം.കെ & തുളസി രാജൻ<br>കുന്നംപുറത്ത് | 22/2021-22<br>ലൈഫ് മിഷൻ പദ്ധതി (എസ്.സി) ഘട്ടം രണ്ടും മൂന്നും |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 11.05.2022 | 17.09.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 04.01.2022 | 130000 | 22/21-22, ലൈഫ് മിഷൻ എസ് സി ഘട്ടം രണ്ടും മൂന്നും | 130000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 16.12.2021 | 118000 | 27/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 118000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 13.10.2021 | 106224 | 29/21-22, 12 ഇന പരിപാടി പാലിയേറ്റീവ് കെയർ | 106224 | 0 |
| ബ്ലോക്ക് | 21.12.2021 | 75000 | 36/21-22, ക്ഷീര | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് ളാലം | | | കർഷകർക്ക് പാലിന് സബ്സിഡി | | |
| | ആകെ | 429224 | | 429224 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 14.02.2022 | 160000 | 22/21-22, ലൈഫ് മിഷൻ എസ് സി ഘട്ടം രണ്ടും മൂന്നും | 160000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 12.01.2022 | 400000 | 26/21-22, അനുപൂരക പോഷകാഹാരം | 400000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 12.01.2022 | 280000 | 27/21-22, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 280000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 31.12.2021 | 200000 | 29/21-22, 12 ഇന പരിപാടി പാലിയേറ്റീവ് കെയർ | 106012 | 93988 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 17.02.2022 | 200000 | 36/21-22, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| | ആകെ | 1240000 | | 1146012 | 93988* |

*29/21-22, 12 ഇന പരിപാടി പാലിയേറ്റീവ് കെയർ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച 93988/- രൂപ സർക്കാർ തിരികെ പിടിച്ചിട്ടുണ്ട്.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഈയിനത്തിൽ ഓഡിറ്റ് വർഷം ചെലവില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി. | ജി ഒ (എം.എസ്) 68/2018, 18.05.2018, | 58,79,842 | 49,22,508 | - | 4,98,666 | 44,23,842 |

| | | | | | | |
|---|---|---|---|---|---|---|
| | ജി ഒ(എം.എസ്) 100/2018, 30.07.2018 | | | | | |
| സമ്പൂർണ്ണ ഭവന പദ്ധതി | | | 49723 | | | 49723 |

സമ്പൂർണ്ണ ഭവന പദ്ധതിക്കായി 49723/- രൂ ലോണിനത്തിൽ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.1351 ൽ അക്കൗണ്ട് നം.19/25.02.2015ൽ 2,75,483 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | |
| തന്നാണ്ടിൽ പിൻവലിച്ച തുക | |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| സ്ഥിര നിക്ഷേപ നമ്പർ | 19/25.02.2015 |

മേൽ അക്കൗണ്ടിലെ പലിശ തുക അതാത് മാസം (2296/- രൂ വീതം) തോടനാൽ സർവീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നം. 3169) നിക്ഷേപിക്കുന്നു.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17(ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 67860904.90 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58667471.00 |
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക(സർചാർജ് ചെയ്യാവുന്നത്) | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 642743 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 64876 | ശ്രീ.വിനോദ്.കെ, സെക്രട്ടറി |
| 1-19 | 66705 | ഡോ.ലക്ഷ്മി ,മെഡിക്കൽ ഓഫീസർ (ഹോമിയോ ) |
| 1-20 | 400000 | ഡോ.കുര്യാക്കോസ്, വെറ്റിനറി സർജൻ, |
| 1-21 | 111162 | ഗ്രീഷ്മ ജി, അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345 /11/2.4.11/6.4.11 | 6 |
| 1999-2000 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ.22 /118(3)/2022 05.08.2022 | 1 |
| 2002-03 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ.22 /118(6)/2022 05.08.2022 | 2 |
| 2003-04 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ.22 | 2 |

| | | |
|---|---|---|
| | /1035(1)/2022 05.08.2022 | |
| 2004-05 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/1035(2)/2022 05.08.2022 | 5 |
| 2005-06 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/1035(3)/2022 05.08.2022 | 7 |
| 2006-07 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/1035(4)/2022 05.08.2022 | 3 |
| 2007-08 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/1035(5)/2022 05.08.2022 | 4 |
| 2011-12 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/962(1)/2022 05.08.2022 | 4 |
| 2012-13 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/962(2)/2022 05.08.2022 | 2 |
| 2013-14,<br>14-15 | നം.കെ.എസ്.എ-<br>കെ.ടി.എം.പി.7/അദാ.22<br>/962(3)/2022 05.08.2022 | 3 |
| 2015-16 | കെ.എസ്.എ-<br>കെ.ടി.എം.പി7/1640/17/21.11.17<br>/05.12.17 | 13 |
| 2016-17 | കെ.എസ്.എ-<br>കെ.ടി.എം.പി7/2025<br>/17/26.12.17/19.01.18 | 13 |
| 2017-18 | കെ.എസ്.എ-<br>കെ.ടി.എം.പി7/1170/2019/<br>21.04.20/28.05.20 | 17 |
| 2018-19 | കെ.എസ്.എ-<br>കെ.ടി.എം.പി7/578/2020/<br>03.07.2020 | 21 |
| 2019-20 | കെ.എസ്.എ-<br>കെ.ടി.എം.പി7/937/2021/<br>06.06.2022 | 9 |
| 2020-21 | കെ.എസ്.എ-<br>കെ.ടി.എം.പി7/937/2021/<br>14.06.2022 | 13 |

ഡെപ്യൂട്ടി ഡയറക്ടർ ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്